പ്രതിവാരം
സീതി

# കമ്യൂണിസ്റ്റ് ഗുഹാവാസി

**ഗുഹാവാസികളു**ടെ കഥ ഖുർആൻപഠിതാക്കൾക്ക് സുപരിചിതമാണ്. അക്രമിയായ ഭരണാധികാരിയിൽനിന്ന് രക്ഷപ്പെടാൻ ഗുഹയിൽ അഭയം തേടിയ വിശ്വാസികളായ ചെറുപ്പക്കാരുടെ സംഘം നീണ്ട നിദ്രയിലേക്കു വീഴുന്നു. വർഷങ്ങൾക്കു ശേഷം നിദ്രവിട്ടുണർന്ന് അങ്ങാടിയിൽ പോയി നോക്കുമ്പോൾ നാടാകെ മാറിയിരിക്കുന്നു. തങ്ങളേത് ആദർശത്തിന് വേണ്ടിയാണോ പണിയെടുത്തിരുന്നത്, അതിന്റെ വക്താക്കളായിരിക്കുന്നു നാട്ടുകാർ മുഴുവൻ.

ഇത് വേദപുസ്തകത്തിലെ ഗുഹാവാസി. ഇതാ, ഒരു കമ്യൂണിസ്റ്റ് ഗുഹാവാസിയുടെ കഥ. സംഭവം പോളണ്ടിലാണ്. സോവിയറ്റ് ചെമ്പടയുടെ സ്വാതന്ത്ര്യ സംരക്ഷണ യത്നങ്ങൾക്കൊടുവിൽ കമ്യൂണിസ്റ്റ് സ്വർഗമായിത്തീർന്ന പോളണ്ട്. അവിടത്തെ ഒരു സാധാരണ പൗരനാണ് ജാൻ ഗ്രേസേബ്സ്കി. ആളൊരു സാദാ റെയിൽവേ തൊഴിലാളി. 1988-ൽ സഖാവ് വോജ്സിയെ ജറൂസൽസ്കിയുടെ നേതൃത്വത്തിലുള്ള വിപ്ലവ സോഷ്യലിസ്റ്റ് ഭരണകൂടം പോളണ്ടിനെ ഭൂമിയിലെ സ്വർഗമാക്കാൻ മുന്നേറിക്കൊണ്ടിരിക്കെ ഗ്രേസേബ്സ്കി ഒന്ന് വഴുതി വീണു. വീഴ്ചയിൽ ബോധം പോയി. കിടന്ന കിടപ്പുതന്നെ. പിന്നെ എഴുന്നേൽക്കുന്നത് 19 വർഷങ്ങൾക്കു ശേഷം ഈ ജൂൺ രണ്ടിന്. കണ്ണ് തുടച്ച് ഗ്രേസേബ്സ്കി പുറത്തേക്ക് നോക്കുമ്പോൾ നാടാകെ മാറിയിരിക്കുന്നു. വീട്ടുകാരോട് ഒരു പുതുവസ്ത്രം വാങ്ങി വരാൻ പറഞ്ഞ ഗ്രേസേബ്സ്കി അന്തം വിട്ടു-മിനിറ്റുകൾക്കകം പുതുവസ്ത്രം! അതെന്താ ക്യൂ ഇല്ലേ എന്നായി ഗ്രേസേബ്സ്കി. പഴയ ഓർമയിൽ ചോദിച്ചു പോയതാണ്. അന്ന് അങ്ങനെയാണ്. ഉരുളക്കിഴങ്ങ് മുതൽ പെട്രോൾ വരെ എല്ലാറ്റിനും റേഷൻ; അര ദിവസം ക്യൂ നിൽക്കണം. എന്തു ചെയ്യാൻ, നാട് സമത്വസുന്ദരമാക്കാൻ ഒരു കൂട്ടർ അങ്ങ് തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ രക്ഷയില്ലല്ലോ. ഗ്രേസേബ്സ്കിക്ക് ബോധം നഷ്ടപ്പെട്ട അടുത്ത വർഷം തന്നെ സഖാവ് ജറൂസൽസ്കിയുടെ സമത്വ സുന്ദര ഭരണം തകരുകയും ലേ വലേസയെന്ന കപ്പൽ ശാലാ തൊഴിലാളിയുടെ നേതൃത്വത്തിൽ പിന്തിരിപ്പൻ മൂരാച്ചി ബൂർഷ്വാ അവസരവാദ മുതലാളിത്ത ചെരിപ്പുനക്കി സർക്കാർ അധികാരത്തിൽ വരികയും ചെയ്തിരുന്നു. അന്ന് കമ്യൂണിസ്റ്റ് പാർട്ടി ആപ്പീസുകളിലും സർക്കാർ വക കൊട്ടാരങ്ങളിലും മാത്രം കിട്ടിയിരുന്ന സാധനങ്ങൾ ഇന്ന് മാർക്കറ്റിൽ വാങ്ങാൻ കിട്ടുന്നുണ്ട്.

ഭാഗ്യം, അൽപകാലം ബോധം നഷ്ടപ്പെട്ടിട്ടാണെങ്കിലും ഗ്രേസേബ്സ്കിക്ക് ക്യൂവിൽനിന്ന് മോചനം കിട്ടിയല്ലോ. എന്നാൽ നല്ല ബോധം നിലനിൽക്കെത്തന്നെ, നന്നായൊന്ന് വാ തുറന്ന് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി ക്യൂവിൽ നിൽക്കേണ്ടിവരുന്ന ഒരു കമ്യൂണിസ്റ്റിനെ നിങ്ങൾക്ക് കാണണോ? ഈ അഭിമുഖഭാഗം വായിച്ചു നോക്കുക:

*കെ.ഇ.എന്നിനെ ഫാറൂഖ് കോളേജ് എങ്ങനെ സ്വീകരിച്ചു?*

....ഞാൻ ഇന്റർവ്യൂവിൽ ഒന്നാമത് റാങ്കായി. വി. മുഹമ്മദ് സാറാണ് പ്രിൻസിപ്പലായിട്ട് ഉണ്ടായിരുന്നത്. ഓർക്കുന്ന ഒരു സംഭവമുണ്ട്. പബ്ലിക്കേഷന്റെ ആദ്യം കൊടുക്കുന്ന ഒരു കെട്ടില് ഒരു *ദേശാഭിമാനി* ഓണപ്പതിപ്പായിരുന്നു. അതില് സോഷ്യലിസത്തെപ്പറ്റിയുള്ള ലേഖനമാണ്. ലേഖനം എടുത്തിട്ട് മുഹമ്മദ് സാറ് പറഞ്ഞു. ഇത് നമ്മുടെ കാഴ്ചപ്പാടുമായിട്ട് യോജിക്കുന്നതല്ല. ഇത് ഞങ്ങൾക്ക് പൊരുത്തപ്പെടാൻ പറ്റുന്നതല്ല. അപ്പോൾ ഗവൺമെന്റ് നോമിനി പറഞ്ഞു. അത് നമ്മുടെ ഇന്റർവ്യൂവുമായി ബന്ധപ്പെടുന്ന പ്രശ്നമല്ല. ഞാൻ വിചാരിക്കുന്നത് ഈ ഗവൺമെന്റ് നോമിനിയുടെയും സബ്ജക്റ്റ് കമ്മിറ്റിയുടെയും അപ്രതീക്ഷിതമായ ഇടപെടലായിരിക്കണം എനിക്ക് ഒന്നാം റാങ്ക് കിട്ടാൻ കാരണം. പിന്നെ ഇന്റർവ്യൂ കഴിഞ്ഞ് പുറത്തിറങ്ങിയപാട് മുഹമ്മദ് സാറ് പറഞ്ഞു. നമ്മള് തമ്മില് തത്ത്വശാസ്ത്രപരമായിട്ട് പൊരുത്തപ്പെടില്ല.

*ഈ കോളേജ് സി.പി.എം നിയന്ത്രണത്തിലാണെന്ന് വിചാരിക്കുക. അവിടെ മറ്റൊരാൾക്ക് ജോലി കിട്ടില്ല ഉറപ്പാണ്?*

ഈ ഫാറൂഖ് കോളേജിൽ ഞാൻ ഇന്റർവ്യൂവിൽ ഒന്നാം റാങ്കിൽ വരുന്നതിന് കാരണം മെറിറ്റുമാത്രമല്ല. അവിടെ ഗവൺമെന്റ് നോമിനിയുടെ ഇടപെടൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. തത്ത്വശാസ്ത്രപരമായ പ്രശ്നങ്ങൾ ഇതുമായി കൂട്ടിക്കുഴക്കരുത് എന്ന് അയാൾ പറഞ്ഞില്ലായിരുന്നെങ്കിൽ എനിക്ക് ജോലി കിട്ടില്ല.

ഫാറൂഖ് കോളേജിൽ ജോലിചെയ്ത അന്നുമുതൽ ഞാൻ മതരഹിതനായിട്ടാണ് ജീവിക്കുന്നത്. അതായത്, നോമ്പ് കാലത്ത് പരസ്യമായി ഭക്ഷണം കഴിക്കുക എന്നത് നോമ്പെടുക്കുന്നതിനേക്കാൾ വലിയ കുറ്റകൃത്യമായിട്ടാണ്. നോമ്പെടുത്തില്ലെങ്കിൽ പോലും അയാൾ സ്വകാര്യമായി ഭക്ഷണം കഴിക്കുകയാണെങ്കിൽ കുറച്ചൊക്കെ ക്ഷമിക്കപ്പെടും. പരസ്യമായിട്ട് ഭക്ഷണം കഴിക്കുക മറ്റൊരു കുറ്റമാണ്. ഫാറൂഖ് കോളേജിൽ ജോയ്ൻ ചെയ്ത മുതൽ ഇപ്പ വരെ ഞാൻ എല്ലാ കാലത്തും പരസ്യമായിട്ട് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം നോമ്പ് കാലത്തെ ഭക്ഷണം കഴിക്കലല്ല, സാധാരണ ഭക്ഷണം കഴിക്കുന്നതുപോലെയാണ് എനിക്കത്. മാത്രമല്ല, അതിന്റെ പേരിൽ ഫാറൂഖ് കോളേജീന്നെനിക്ക് പ്രത്യേകിച്ച് ഒരു പീഡനവും ഉണ്ടായിട്ടുമില്ല. 'സ്വർഗം, നരകം, പരലോകം' എഴുതിയപ്പോൾ വി. മുഹമ്മദ് സാർ ഇങ്ങനെ വിളിച്ച് സംസാരിക്കുക മാത്രമല്ല ചെയ്തത്. ഫാറൂഖ് കോളേജിലെ പള്ളിയില് എല്ലാ വെള്ളിയാഴ്ചയും ഖുതുബ സമയത്ത് എനിക്കെതിരെ പ്രഭാഷണം ഉണ്ടായിരുന്നു.. അതേ സമയം മറ്റെന്തെങ്കിലും തരത്തിലുള്ള ആശയപരമായ വിയോജിപ്പ് പ്രകടിപ്പിക്കുന്ന ഒരു തലം വിട്ടിട്ടില്ല. മറ്റു തരത്തിലുള്ള പീഡനങ്ങളോ പ്രയാസങ്ങളോ ഉണ്ടായിട്ടില്ല.

*പ്രൈവറ്റ് മാനേജ്മെന്റുകൾക്ക് എപ്പഴും ഒരു കോളേജിൽ നിന്ന് അധ്യാപകനെ സസ്പെന്റ് ചെയ്യാം, ഡിസ്മിസ് ചെയ്യാം. ആ എക്സ്റ്റന്റിലേക്ക് പോകാം?*

ഫാറൂഖ് കോളേജിൽ ഞാൻ ജോയ്ൻ ചെയ്ത് ഇതുവരെയുള്ള പശ്ചാത്തലത്തിൽ മാനേജ്മെന്റിന് നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ ഒന്നും ഒരു അധ്യാപകനെയും പീഡിപ്പിക്കാൻ

ഉപയോഗിച്ചിട്ടില്ല.

*ഇപ്പോൾ ഉമേഷ് ബാബുവിന്റെ പ്രശ്നം. ഉമേഷ് കവിതയെഴുതി. അത് കമ്യൂണിസ്റ്റ് പാർട്ടിയെന്ന വല്യ ഫാറൂഖ് കോളേജിൽ സ്വീകാര്യമായില്ല. അയാളെ പുറത്താക്കി?*

പരസ്പര ഭിന്നതയുള്ള രണ്ട് ഉദാഹരണങ്ങൾ എടുത്തിട്ട് അടുപ്പിച്ച് വെക്കുകയാണ് രാജീവൻ ചെയ്യുന്നത്. നിങ്ങളുടെ ആവിഷ്കാരത്തിന് ഏറ്റവും പറ്റിയ മാധ്യമം കമ്യൂണിസ്റ്റ് പാർട്ടിയാണെന്ന് നിങ്ങൾ ആഴത്തിൽ അനുഭവിക്കുമ്പോഴാണ് നിങ്ങൾ കമ്യൂണിസ്റ്റുകാരനായിത്തീരുന്നത്. അത് നിങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ആവിഷ്കാരമാണ്. അങ്ങനെയെങ്കിൽ മാത്രമേ നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയിൽ നിൽക്കേണ്ടതുള്ളൂ.

*എന്റെ ചോദ്യം തിരിച്ചാണ്. വളരെ ഇസ്ലാമിക് ആയിട്ടുള്ള ഒരു ഗ്രൂപ്പ് സമുദായത്തിനു വേണ്ടി ഉണ്ടാക്കിയ ഒരു കോളേജ്. അവർക്ക് അവിടെ പള്ളിയുണ്ട് എല്ലാം ഉണ്ട്. എന്നിട്ടും ആ കോളേജിൽ വർക്ക് ചെയ്യുന്ന ഒരാൾക്ക് അവർ കൊടുക്കുന്ന സെക്യുലർ ആയി ജീവിക്കാനുള്ള ഫ്രീഡം. ഇസ്ലാമിക് ആയിട്ടോ അല്ലാതെയോ ജീവിക്കാനുള്ള ഫ്രീഡം അവിടെയുണ്ട്. പുസ്തകത്തെ ഈ സ്വാതന്ത്ര്യം വെച്ച് അവര് അക്കമഡേറ്റ് ചെയ്തു.*

വിശാലമായ ചിന്താഗതിയുള്ള ഒരു സ്ഥാപനമാണത്.

*ഈ ഫ്രീഡം ഏറ്റവും ആധുനികമായി ഇസ്ലാമിന് ശേഷം ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാനത്തിന് കിട്ടിയില്ല എന്നു പറഞ്ഞാൽ നമുക്ക് എന്തു പറയാൻ കഴിയും?*

താരതമ്യം ശരിയല്ല എന്നാ ഞാൻ പറഞ്ഞത്.

*അതെന്താ?*

ഒന്ന് ഒരു ഇൻസ്റ്റിറ്റ്യൂഷനും മറ്റേത് ഒരു പൊളിറ്റിക്കൽ പാർട്ടിയുമാണ്.

*ഇൻസ്റ്റിറ്റ്യൂഷൻ കൺട്രോൾഡ് ബൈ റിലീജിയസ് ബിലീഫ്. എന്നാൽ റിലീജിയസ് ബിലീഫിനെ അവർ കൺട്രോൾ ചെയ്തില്ല. ഈ റിലീജിയനേക്കാളും പിന്നാക്കമാണോ ഇത്തരം കാര്യങ്ങളിൽ പൊളിറ്റിക്കൽ ഐഡിയോളജി?*

അല്ല, പൊളിറ്റിക്കൽ ഐഡിയോളജി പിന്നാക്കമല്ല. ഇതിന്റെ പ്രശ്നം എന്താന്ന് വെച്ചാൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകണമെന്ന് ആർക്കും നേരെ അടിച്ചേൽപിക്കുന്നില്ല. അതേസമയം കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി കഴിഞ്ഞാൽ സ്വാഭാവികമായും ഒരു സംഘടനയുടെ സ്വഭാവമുണ്ട്.

*ലളിതമായി ചോദിക്കാവുന്ന സാധാരണക്കാരന്റെ ചോദ്യമുണ്ട്. അതായത്, എന്തുകൊണ്ടാണ് ഇങ്ങനെയൊരു അഭിപ്രായ വ്യത്യാസത്തെ അംഗീകരിക്കാനുള്ള ജനാധിപത്യ മൂല്യം കമ്യൂണിസ്റ്റ് പാർട്ടിക്കില്ലാത്തത് എന്ന ചോദ്യം?*

കമ്യൂണിസ്റ്റ് പാർട്ടിക്ക് ഡെമോക്രസിയുണ്ട്. അത് നിലവിലുള്ള ഡെമോക്രസിയിൽനിന്ന് വ്യത്യസ്തമായിട്ട് ഉയർന്നുനിന്നിട്ടുള്ള ഒരു ഡെമോക്രസിയാണ്. എന്റെ ഒരു എക്സാംബ്ൾ ഞാൻ പറയാം. ഒരൊറ്റ രാഷ്ട്രീയ പാർട്ടി മാത്രമേ ലോകത്ത് ആ രാഷ്ട്രീയ പാർട്ടി ഇല്ലാത്ത കാഴ്ചപ്പാട് മുന്നോട്ടുവെച്ചിട്ടുള്ളൂ. അത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. അതായത്, കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തിക്കുന്നത് കമ്യൂണിസ്റ്റ് പാർട്ടി കൂടി അപ്രസക്തവും അനാവശ്യവുമാകുന്ന ഒരു ലോകം നിലവിൽവരാനാണ്. പക്ഷേ, ആ ലോകം നിലവിൽ വരണമെങ്കിൽ കമ്യൂണിസ്റ്റ് പാർട്ടി സുശക്തമായി പ്രവർത്തിക്കണം (*ഭാഷാപോഷിണി* വാർഷികപ്പതിപ്പ്, 2007 ജൂൺ. കെ.ഇ.എന്നും ടി.പി രാജീവനും തമ്മിലുള്ള സംഭാഷണത്തിൽനിന്ന്)

ഗ്രസേബ്സ്കി അന്ന് ഉരുളക്കിഴങ്ങിന് വേണ്ടിയാണ് ക്യൂ നിന്നതെങ്കിൽ ഇവിടെ നമ്മുടെ സഖാവ് ക്യൂ നിൽക്കുന്നത് അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടിയാണ്. ചിന്തക്ക് റേഷനുള്ളപ്പോൾ ഈ ക്യൂ തീർച്ചയായും നീളും.

അതിനിടക്ക് വിചിത്രമായ ഒരു അവകാശവാദവും ചുളുവിൽ പറഞ്ഞുവെച്ചിരിക്കുന്നു. സ്വയം പിരിച്ചുവിടുമെന്ന് പ്രഖ്യാപിച്ച ഏക രാഷ്ട്രീയ പാർട്ടിയാണത്രെ, കമ്യൂണിസ്റ്റ് പാർട്ടി. ഇമ്മാതിരി സിദ്ധാന്ത മസിലുകളൊന്നും ഇല്ലാത്ത ഗാന്ധിജി പോലും, ഇന്ത്യയുടെ സ്വാതന്ത്ര്യം എന്ന ലക്ഷ്യം നേടിക്കഴിഞ്ഞാൽ കോൺഗ്രസ് പിരിച്ചുവിടണമെന്നു പറഞ്ഞിട്ടുണ്ട്. ലോകത്തെ എല്ലാ ഇസ്ലാമിക പ്രസ്ഥാനങ്ങളും സ്വയം പിരിച്ചുവിടും എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ആരംഭിച്ചതും അങ്ങനെ പിരിച്ചുവിടേണ്ട സന്ദർഭത്തിനു വേണ്ടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. പിരിച്ചു വിടൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ മാത്രം എന്തോ മഹാ പോരിശയാക്കുന്നത് വല്ലാത്തൊരു ചെറുതായിപ്പോകലായി. പക്ഷേ, ഒരു കാര്യമുണ്ട്, പാർട്ടി അനാവശ്യമാകുന്ന ലോകക്രമം വരുന്നതിനു മുമ്പ് തന്നെ നിരനിരയായി നിന്ന് പാർട്ടിയെ പിരിച്ചുവിട്ട അനുഭവവും കമ്യൂണിസ്റ്റ് പാർട്ടികൾക്ക് സ്വന്തമാണ്.

പിൻകുറി: ഈ കുറിപ്പ് എഴുതിക്കഴിഞ്ഞപ്പോഴാണ് കേരള മോസ്കോ ആയ കണ്ണൂർ കല്യാശേരി ഹൈസ്കൂളിൽ നിന്നുള്ള വാർത്ത. എസ്.ഐ.ഒവിന്റെ നോട്ടീസ് കൊടുത്ത എട്ടാം ക്ലാസ്സുകാരനെ ഭീഷണിപ്പെടുത്താൻ നാട്ടിലെ യുവശിരോമണികളായ ഡി.വൈ.എഫ്.ഐക്കാർ ഉടലോടെ വന്നിരിക്കുന്നു.

contactseethi@yahoo.co.in